(ബി) ഉണ്ട്.

(സി ആന്റ് ഡി) ചെക്കിംഗിനിടയിൽ ഇക്കാര്യം ശ്രദ്ധിക്കാറുണ്ട്.

കെ. എസ്. ആർ. ടി. സി.-യിലെ യാത്രക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ

85 [2857] ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. ബസ്സുപകടങ്ങളിൽ പരിക്കുപറ്റിയവർക്കും, അപകടത്തിൽ മരണമടഞ്ഞവർക്കും നൽകേണ്ട ആക്സിഡന്റ് ക്ലെയിം കൊടുത്തു തീർക്കാൻ എത്ര തുക വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ;

(ബി) കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ യാത്ര ചെയ്യുന്നവർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) അപകടത്തിൽപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകാത്തതിനെത്തുടർന്ന് കെ. എസ്. ആർ. ടി. സി.-യുടെ വാഹനങ്ങളോ, സ്വത്തുക്കളോ ജപ്തി ചെയ്യാൻ 2004-05-ൽ കോടതി വിധി ഉണ്ടായിട്ടുണ്ടോ?

ഉത്തരം

(എ) ഉദ്ദേശം 15 കോടി രൂപ വേണ്ടിവരും.

(ബി) ഇൻഷ്വറൻസ് പരിരക്ഷ നിലവിലില്ല.

(സി) ഉണ്ട്.

കെ. എസ്. ആർ. ടി. സി.-യിലെ ജീവനക്കാർ

86 [2858] ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി.-യിൽ ഇപ്പോൾ ആകെ എത്ര ജീവനക്കാരാണുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) കെ. എസ്. ആർ. ടി. സി.-യിലെ ഓരോ തസ്തികയിലെയും സ്ഥിര ജീവനക്കാരെയും താൽക്കാലിക ജീവനക്കാരെയും സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കെ. എസ്. ആർ. ടി. സി.-യിലെ എം പാനൽ ജീവനക്കാരെ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ; ഇവർക്ക് ഓരോ തസ്തികയ്ക്കും നൽകുന്ന വേതനം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എം പാനൽ ജീവനക്കാരായ ഡ്രൈവർമാർ ഓടിക്കുന്ന വാഹനങ്ങൾ കൂടുതൽ അപകടങ്ങളിൽപ്പെടുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി.-യിൽ ഇപ്പോൾ വിവിധ തസ്തികകളിലായി 24548 സ്ഥിരം ജീവനക്കാരുണ്ട്. 6846 പേർ താത്ക്കാലികക്കാരായുണ്ട്.

(ബി) കെ. എസ്. ആർ. ടി. സി.-യിൽ ഓപ്പറേറ്റിംഗ് വിഭാഗത്തിൽ 19443-ഉം, മെക്കാനിക്കൽ വിഭാഗത്തിൽ 3153-ഉം, മിനിസ്റ്റീരിയൽ വിഭാഗത്തിൽ (സെക്യൂരിറ്റി, സ്റ്റോർ) 1952-ഉം സ്ഥിരം ജീവനക്കാരും, ഓപ്പറേറ്റിംഗ് വിഭാഗത്തിൽ 5583-ഉം, മെക്കാനിക്കൽ വിഭാഗത്തിൽ 1119-ഉം., മിനിസ്റ്റീരിയൽ വിഭാഗത്തിൽ 144-ഉം (സെക്യൂരിറ്റി) താൽക്കാലിക ജീവനക്കാരും ജോലി ചെയ്തുവരുന്നു.

(സി) കെ. എസ്. ആർ. ടി. സി.-യിൽ വിവിധ തസ്തികകളിലായി 6846 പേർ എംപാനൽ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നു. സ്ഥിരം ജീവനക്കാരുടെ അപ്രതീക്ഷിത അവധി, മറ്റു ഉത്സവ അവസരങ്ങൾ എന്നീ സാഹചര്യങ്ങളിൽ സർവ്വീസ് ക്യാൻസലേഷൻ ഒഴിവാക്കുന്നതിനായി വിനിയോഗിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള ഒരു അഡ്ഹോക്ക് അറേജ്മെന്റാണ് എംപാനൽ സംവിധാനം. അപ്രകാരം നിയമിക്കുന്ന ജീവനക്കാരിൽ ഡ്രൈവർമാർക്ക് 120 രൂപയും കണ്ടക്ടർക്ക് 110 രൂപയും ഓരോ ഡ്യൂട്ടിക്കും ശമ്പളമായി ലഭിക്കുന്നു.

(ഡി) എം പാനൽ ജീവനക്കാരായ ഡ്രൈവർമാർ ഓടിക്കുന്ന വാഹനങ്ങൾ കൂടുതലായി അപകടങ്ങളിൽപ്പെടുന്നതായി കെ. എസ്. ആർ. ടി. സി.-യുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ബാധകമല്ല.

റൂട്ടുകൾ ദേശവൽക്കരിക്കുന്നതിന് നടപടി

87 [2859] ഡോ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുരുത്തി-മുളയ്ക്കാംതുരുത്തി-കൃഷ്ണപുരം (കാവാലം) റോഡ്, കുറിച്ചി-കൈനടി-കാവാലം എന്നീ റൂട്ടുകൾ ദേശവൽക്കിരിക്കുന്നതിന് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ എന്ന്;

(ബി) ഇതിന്മേലുള്ള പരാതികളിന്മേൽ എന്തു തീർപ്പ് കൽപ്പിച്ചുവെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly